**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1998** **14-10-2024 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2016 ജൂൺ 1 മുതൽ 2024 സെപ്റ്റംബർ 30 വരെ കേരള പി.എസ്.സി വഴി എത്രപേർക്കാണ് പുതുതായി നിയമനം നൽകിയത് എന്ന് അറിയിക്കാമോ; | (എ) | 2024 സെപ്റ്റംബർ വരെ ആകെ **2,56,794** ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട് . |
| (ബി) | നിലവിലുള്ള മാനദണ്ഡപ്രകാരം പി.എസ്.സി. ഒരു ഒഴിവിന് ആനുപാതികമായി എത്രപേരെയാണ് റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഒരു റാങ്ക് പട്ടികയിൽ ചുരുങ്ങിയത് പത്ത് പേരെയെങ്കിലും ഉൾപ്പെടുത്താറുണ്ട്. ചുരുക്ക പട്ടിക/ റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തേണ്ട ഉദ്യോഗാർത്ഥികളുടെ എണ്ണം നിശ്ചയിക്കാൻ ചുവടെ ചേർത്തിരിക്കുന്ന സാഹചര്യങ്ങൾ പരിശോധിക്കാറുണ്ട്.<br><br>മുൻ റാങ്ക് പട്ടികയിൽ നിന്നും നടത്തിയ നിയമന ശിപാർശ, എൻ.ജെ.ഡി. ഒഴിവുകൾ, Relinquishment എന്നിവയുടെ എണ്ണം, തെരെഞ്ഞെടുപ്പ് നിർദ്ദേശം സമർപ്പിക്കുന്നതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളുടെ എണ്ണം, പ്രതീക്ഷിത ഒഴിവുകളുടെ എണ്ണം (റാങ്ക് പട്ടികയുടെ കാലാവധിയ്ക്കുള്ളിൽ ഉത്ഭവിക്കുവാൻ സാധ്യതയുള്ള ഒഴിവുകളുടെ എണ്ണം), മറ്റു തസ്തികകളുമായി ചേർന്ന് പൊതു പരീക്ഷ നടത്തിയിട്ടുണ്ടോ, സമാന യോഗ്യതയുള്ള മറ്റു തസ്തികകളിൽ ഏതെങ്കിലും തെരെഞ്ഞെടുപ്പ് പ്രക്രിയ നടന്നുകൊണ്ടിരിക്കുന്നുവെങ്കിൽ ആയതിന്റെ വിവരം, റാങ്ക്/ ചുരുക്ക/ സാദ്ധ്യതാ പട്ടികകളിൽ ഉൾപ്പെടുത്തേണ്ടതായ പട്ടികജാതി, പട്ടികവർഗ്ഗ (SC / ST) വിഭാഗം ഉദ്യോഗാർത്ഥികളുടെ എണ്ണം, ആ വിഭാഗങ്ങൾ പരസ്പരം തിരികെ നൽകേണ്ടതായ NCA Compensation ഊഴങ്ങളുടെ എണ്ണം മുതലായവ. |
| (സി) | ഈ മാനദണ്ഡം പരിഷ്കരിക്കാൻ റാങ്ക് പട്ടികയുടെ കാലാവധി അവസാനിക്കുന്നതിന് മുൻപുവരെ ഉണ്ടാകുന്ന ആനുപാതികമായ ഒഴിവുകൾ കണക്കാക്കി ഇതിനനുസൃതമായ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കാൻ | (സി) | ഒരു റാങ്ക് പട്ടികയിൽ ചുരുങ്ങിയത് പത്ത് പേരെയെങ്കിലും ഉൾപ്പെടുത്താറുണ്ട്. ചുരുക്ക പട്ടിക/ റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തേണ്ട ഉദ്യോഗാർത്ഥികളുടെ എണ്ണം നിശ്ചയിക്കാൻ ചുവടെ |

| | | | | |
|---|---|---|---|---|
| | ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നല്കാമോ ? | | ചേർത്തിരിക്കുന്ന സാഹചര്യങ്ങൾ പരിശോധിക്കാറുണ്ട്.<br><br>മുൻ റാങ്ക് പട്ടികയിൽ നിന്നും നടത്തിയ നിയമന ശിപാർശ, എൻ.ജെ.ഡി. ഒഴിവുകൾ, Relinquishment എന്നിവയുടെ എണ്ണം, തെരഞ്ഞെടുപ്പ് നിർദ്ദേശം സമർപ്പിക്കുന്നതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളുടെ എണ്ണം, പ്രതീക്ഷിത ഒഴിവുകളുടെ എണ്ണം (റാങ്ക് പട്ടികയുടെ കാലാവധിയ്ക്കുള്ളിൽ ഉത്ഭവിക്കുവാൻ സാധ്യതയുള്ള ഒഴിവുകളുടെ എണ്ണം), മറ്റു തസ്തികകളുമായി ചേർന്ന് പൊതു പരീക്ഷ നടത്തിയിട്ടുണ്ടോ, സമാന യോഗ്യതയുള്ള മറ്റു തസ്തികകളിൽ ഏതെങ്കിലും തെരഞ്ഞെടുപ്പ് പ്രക്രിയ നടന്നുകൊണ്ടിരിക്കുന്നുവെങ്കിൽ ആയതിന്റെ വിവരം, റാങ്ക്/ ചുരുക്ക/ സാദ്ധ്യതാ പട്ടികകളിൽ ഉൾപ്പെടുത്തേണ്ടതായ പട്ടികജാതി, പട്ടികവർഗ്ഗ (SC / ST) വിഭാഗം ഉദ്യോഗാർത്ഥികളുടെ എണ്ണം, ആ വിഭാഗങ്ങൾ പരസ്പരം തിരികെ നൽകേണ്ടതായ NCA Compensation ഊഴങ്ങളുടെ എണ്ണം മുതലായവ. |

സെക്ഷൻ ഓഫീസർ